<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനൊന്നാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4272. 25.06.2018 ൽ മറുപടിയ്ക്ക്

<u>ലഹരി ഉപയോഗത്തിലെ വർദ്ധന</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.എ.പി.അനിൽ കുമാർ<br>ശ്രീ.അനിൽ അക്കര | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെ മദ്യനയം മദ്യലഭ്യത കൂട്ടുന്നതിനും മദ്യവർജ്ജനം എന്ന പ്രഖ്യാപിത ലക്ഷ്യത്തിൽ നിന്നും അകന്ന് പോകുന്നതിനും ഇടയാക്കിയെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | സംസ്ഥാനത്ത് മയക്കമരുന്നുകളുടെയും കഞ്ചാവ് ഉൾപ്പെടെയുള്ള നിയമവിരുദ്ധ പദാർത്ഥങ്ങളുടെയും ഉപയോഗം അപകടകരമായ വിധത്തിൽ വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; പുതിയ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ മദ്യലഭ്യത വർദ്ധിച്ചിട്ടും ഇപ്രകാരമുള്ള മയക്കമരുന്നിന്റെ വ്യാപനവും ഉപഭോഗവും വർദ്ധിച്ചത് എന്തുകൊണ്ടാണെന്ന് കണ്ടെത്തിയിട്ടുണ്ടോ: | (ബി) | കണ്ടെത്തിയിട്ടില്ല. എന്നാൽ എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കിയതിന്റെ ഫലമായി കൂടുതൽ മയക്കമരുന്ന് കേസുകൾ കണ്ടെത്തുന്നതിന് സാധിച്ചിട്ടുണ്ട്. അനധികൃത മദ്യത്തിന്റെ വ്യാപനവും വിപണനവും കർശനമായി തടയുന്നതിനടക്കമുള്ള വ്യവസ്ഥകളാണ് എൽ.ഡി.എഫ്. സർക്കാരിന്റെ മദ്യനയത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. മദ്യത്തെ അപേക്ഷിച്ച് മയക്ക് മരുന്ന് കൈവശം വച്ച് ഉപയോഗിക്കുന്നതിനുള്ള സൗകര്യവും മയക്ക് മരുന്നിൽ നിന്ന് ലഹരി കൂടുതലായി ലഭിക്കുന്നതും മയക്കമരുന്ന് ഉപഭോഗത്തിന് പ്രചോദനമാകുന്നുണ്ട്. |
| (സി) | മദ്യവർജ്ജനത്തിന് ഊന്നൽ | (സി) | 'വിമുക്തി' എന്ന പേരിലുള്ള കേരള സംസ്ഥാന |

| | | | |
|---|---|---|---|
| | നൽകിയും മയക്കമരുന്നുകളുടെ ഉപയോഗം പൂർണ്ണമായും ഇല്ലാതാക്കുന്നതിനും ലക്ഷ്യമിട്ട് രൂപം നൽകിയ വിമുക്തി പദ്ധതി പരാജയപ്പെട്ടുവാനുള്ള കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | | ലഹരി വർജ്ജന മിഷൻ അതിശക്തമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. വിമുക്തി മിഷന്റെ ബോധവത്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കിടയിലും, യുവജനങ്ങൾക്കിടയിലും ലഹരി ഉപഭോഗം കുറയ്ക്കുന്നതിനും മദ്യത്തിന് അടിമപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനും ഉള്ള പ്രവർത്തനങ്ങൾ സജീവമായി സംഘടിപ്പിച്ചു വരുന്നു. വിവിധ സർക്കാർ വകുപ്പുകളേയും എല്ലാ തലങ്ങളിലുമുള്ള പൊതുജനങ്ങളേയും കോർത്തിണക്കിക്കൊണ്ട് വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ വളരെ വിജയകരമായി സംസ്ഥാനത്ത് നടന്നു വരികയാണ്. |
| (ഡി) | യുവജനങ്ങളുടെയും വിദ്യാർത്ഥികളുടെയും ഇടയിൽ ലഹരി ഉപയോഗം വർദ്ധിച്ചതായും സ്കൂൾക്കുട്ടികൾ പോലും ഡീ-അഡിക്ഷൻ സെന്ററുകളിൽ ചികിത്സ തേടുന്നു എന്നുമുള്ള വാർത്തകൾ ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ; | (ഡി) | യുവജനങ്ങളുടെയും കുട്ടികളുടെയും ഇടയിലെ ലഹരി ഉപഭോഗം സംബന്ധിച്ച് തിരുവനന്തപുരം കാരക്കോണം സി.എസ്.ഐ. മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവി ഡോ.വിജയകുമാർ.കെ-യുടെ നേതൃത്വത്തിൽ പത്തംഗ വിദഗ്ധസംഘം നടത്തിയ പഠനത്തിൽ ലഹരിയുടെ അടിമകളായവരെ സാധാരണ ജീവിതത്തിലേയ്ക്ക് മടക്കി കൊണ്ടു വരുന്നതിന്റെ ആവശ്യകത എടുത്തുപറയുന്നുണ്ട്. ഈ ലക്ഷ്യത്തോടെ ലഹരിമോചന കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെകുറിച്ചും പഠനത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ലഹരി വസ്തുക്കളുടെ നിരോധനം ഫലപ്രദമായ മാർഗ്ഗമല്ലെന്നും ബാറുകളുടെ അടച്ചുപൂട്ടൽ ഗുണപരമായ ഫലം ഉണ്ടാക്കില്ല എന്നും ലഹരി പദാർത്ഥങ്ങളുടെ |

| | | | |
|---|---|---|---|
| | | | ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കി വേണം ഈ വിപത്തിന് പരിഹാരമുണ്ടാക്കേണ്ടത് എന്നും അടിവരയിട്ട് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ആദിവാസി, തീരദേശ, പിന്നോക്ക മേഖലകളിൽ അധിവസിക്കുന്ന ജനവിഭാഗങ്ങൾക്കിടയിൽ ലഹരിയോടുള്ള ആഭിമുഖ്യം കൂടുതലാണെന്നും ആയതിന് പരിഹാരം കണ്ടെത്തുന്നതിന് ടി മേഖലകൾ കേന്ദ്രീകരിച്ച് ശക്തവും ഫലപ്രദവുമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടത് ആവശ്യമാണെന്നും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.<br>മേൽ റിപ്പോർട്ട് അടക്കമുള്ള പഠന നിരീക്ഷണങ്ങളുടെ വെളിച്ചത്തിൽ ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് 'വിമുക്തി' മിഷൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. |
| (ഇ) | വിമുക്തി പദ്ധതിക്കായി അനുവദിച്ച ഫണ്ട് ഫലപ്രദമായി ഉപയോഗിക്കുവാൻ സാധിക്കുന്നുണ്ടോ; 2017-18-ൽ അനുവദിച്ച തുകയെത്രയെന്നും അതിൽ എന്തു തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; | (ഇ) | വിമുക്തി മിഷൻ പദ്ധതിക്കായി അനുവദിച്ച ഫണ്ട് ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നുണ്ട്. നിലവിൽ വിമുക്തി മിഷന്റെ ഭാഗമായി ആരോഗ്യ വകുപ്പുമായി സഹകരിച്ചു കൊണ്ട് എല്ലാ ജില്ലകളിലും ആരംഭിക്കുവാനുദ്ദേശിക്കുന്ന ഡീ അഡിക്ഷൻ സെന്ററുകളും നിംഹാൻസ് മാതൃകയിൽ ആരംഭിക്കുവാനുദ്ദേശിക്കുന്ന ലഹരി വിമുക്ത ചികിത്സാ കേന്ദ്രവും സംബന്ധിച്ച നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. 2017-18 ൽ വിമുക്തി മിഷൻ പ്രവർത്തനങ്ങൾക്കായി 2039-00-001-88 വിമുക്തി എന്ന ശീർഷകത്തിൽ 5,00,00,000/- രൂപ അനുവദിക്കുണ്ടായി. ആയതു കൂടാതെ എക്സൈസ് കമ്മീഷണറുടെ പേരിലുള്ള ടി.എസ്.ബി. അക്കൗണ്ടിൽ ബാക്കി നിന്ന 1,56,65,449/- രൂപയിൽ നിന്നും വിമുക്തി മിഷൻ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾക്കായി ആകെ 2,92,72,972/- രൂപ വിവിധ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. |
| (എഫ്) | എക്സൈസ് വകുപ്പിന്റെ കീഴിൽ ദേശീയനിലവാരമുള്ള ആധുനിക സൗകര്യങ്ങളോടു കൂടിയ ഡീ-അഡിക്ഷൻ സെന്റർ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (എഫ്) | സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ ഭാഗമായി എക്സൈസ് വകുപ്പിന് കീഴിൽ അന്തർദ്ദേശീയ നിലവാരമുള്ള, ബാംഗ്ലൂർ നിംഹാൻസ് മാതൃകയിൽ ഒരു ഡീ അഡിക്ഷൻ സെന്റർ തുടങ്ങുന്നതിലേക്കായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെൻറ് കോർപറേഷന്റെ അധീനതയിലുള്ള കോഴിക്കോട് കിനാലൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 40 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**